# വചനിപ്പു പെരുന്നാളും ദുഃഖവെള്ളിയും

ഡോ. എം. കുര്യൻ തോമസ്

**ഇ**രുപത്തി ഒന്നാം നൂറ്റാണ്ടിൽ രണ്ടമതും അവസാനവുമായി 2016-ൽ വചനിപ്പു പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരുമിച്ചു വരികയാണ്. വലിയ നോയമ്പിൽ ശനി, ഞായർ ഒഴികെ വി. കുർബാന അർപ്പിക്കാൻ പാടില്ല എന്ന നിയമം ഒരു വശത്തും, വചനിപ്പു പെരുന്നാൾ വലിയ വെള്ളിയാഴ്ച അടക്കം ഏതു ദിവസം വന്നാലും വി. കുർബാന അർപ്പിക്കണമെന്ന നിയമം മറുവശത്തും ഉള്ള വൈരുദ്ധ്യപരമായ പാരമ്പര്യമാണ് സുറിയാനി സഭയ്ക്കുള്ളത്. ഈ പശ്ചാത്തലത്തിൽ മലങ്കര സഭ ഇത്തരം സാഹചര്യങ്ങളില് എടുത്തിരുന്ന നിലപാടുകളുടെ ചരിത്രം പരിശോധിക്കാം.

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് പാശ്ചാത്യ സുറിയാനി - അന്ത്യോഖ്യൻ ക്രമങ്ങൾക്ക് മലങ്കരയിൽ പ്രചാരം സിദ്ധിക്കുന്നത്. 1809 ചിങ്ങം 1-ന് കണ്ടനാട് പടിയോലയിലെ ... *നമസ്കാരവും, കുറുബാനയും, മാമൊദിസായും, പെങ്കെട്ടും, യൽദായും, ദെനഹായും, ഒശാനയും, ദുഖവെള്ളിയാഴ്ചയും, ക്യെംന്തായും, പെന്തിക്കുസ്തിയും - യാക്കൊബായ സുറിയാനി ക്കാരുടെ ക്രമത്തി നടന്നുകൊൾകയും* ... എന്ന പന്ത്രണ്ടാമത് നിശ്ചയപ്രകാരമാണ് അവ സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. പക്ഷേ 1875-77-ലെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസിന്റെ പര്യടനം, സുറിയാനി അച്ചടി പാമ്പാക്കുടെ ആരംഭിച്ചത് എന്നിവയാണ് മലങ്കര സഭയുടെ ആരാധനക്രമങ്ങളെ ഏകീകരിച്ചത്. എങ്കിലും അവയുടെ പ്രചരണത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തിയത് മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനായോടൊപ്പം വന്ന ചെങ്ങന്നൂർ കബറടങ്ങിയ മാർ ഈവാനിയോസ് യൂഹാനോൻ എപ്പിസ്ക്കോപ്പായും, മുളന്തുരുത്തിയിൽ കബറടങ്ങിയ മാർ ഗ്രീഗോറിയോസ് യൂഹാനോൻ മെത്രാപ്പോലീത്തായും അവരുടെ ശിഷ്യഗണങ്ങളുമാണ്.

മാർ ഈവാനിയോസ് യൂഹാനോൻ എപ്പിസ്ക്കോപ്പായുടെ ജീവിതകാലത്ത് 1871, 1782 എന്നീവർഷങ്ങളിൽ വചനിപ്പു പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരുമിച്ചു വന്നിരുന്നു. അന്നുണ്ടായ ആശയക്കുഴപ്പമാകാം 1797-ൽ എഴുതപ്പെട്ട ചാത്തന്നൂർ പഞ്ചാംഗത്തിൽ ... (വലിയ നോയമ്പിൽ) *വചനിപ്പു പെരുനാൾക്കു കാലത്തെ ചൊല്ലാമെന്നും, ദുഖവെള്ളിയാഴിച്ച ഇപ്പെരു നാൾ വന്നു എങ്കിൽ കാലത്തെ രഹസ്യത്തിൽ കുറുവാന ചൊല്യേച്ചു ഉച്ചനമസ്കാരവും കുരിശു കുംപിടിലും കഴിക്കണമെ ന്നും, അല്ലാതെ നുയംപിൽ കുറുവാന ചൊല്ലരുതെന്നും, യാബായക്കാററായ നമ്മെ നമ്മുടെ ബാവാമ്മാരു പടിപ്പിച്ചതെ* ... എന്നു വ്യക്തമാക്കാൻ കാരണം. ചാത്തനൂർ പള്ളി സ്ഥാപകൻ ഗീവർഗീസ് കത്തനാർ മാർ ഈവാനിയോസിന്റെ ശിഷ്യഗണത്തിൽപ്പെട്ട ആളായിരുന്നു എന്ന വസ്തുത, പ്രസതുത പഞ്ചാംഗത്തിലെ *ബാവാമ്മാരു* എന്ന പ്രയോഗം മാർ ഈവാനിയോസിനെയാണ് സൂചിപ്പിക്കുന്നത് എന്ന വ്യക്തമാക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ 1855, 1877 എന്നീ വർഷങ്ങളിലാണ് വചനിപ്പു പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരുമിച്ചു വന്നത്. 1877-ൽ പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് മലങ്കരയിൽ ഉണ്ടായിരുന്നു. അദ്ദേഹം ഈ ദിവസം ആചരിച്ചതിനേപ്പറ്റി കരവട്ടുവീട്ടിൽ മാർ ശമവോൻ ദീവന്നാസ്യോസിന്റെ ദൃക്സാക്ഷി വിവരണം താഴെ പറയുംപ്രകാരമാണ്:

*... ഇതിന്റെശെഷം, പിറ്റെ ദിവസി വെള്ളിആഴ്ച, 25-നു സുബറായുടെ പെരുനാൾ ആയിരുന്നതിനാൽ പെരു ന്നാളിന്റെ അന്തിയുടെ നമസ്ക്കാരം നമസ്ക്കരിച്ചു. ആയ്തിനു കൗമ്മായും, കാദീശത്താലാഹായും, ഏവൻഗെ ലിയോനു ശ്ളൊസൊയും, ബസമൽക്കായും, ധൂപവും, കൈമുത്തും മറ്റും ഹാശായുടെ ഭാവം നീക്കി സക ലതും ഉണ്ടായിരുന്നു. ... പാതിരാത്രി ആയപ്പൊൾ എഴുന്നെറ്റ ഹാശാ നമസ്ക്കാരം മുഴുവൻ നമസ്ക്കരിച്ചു. ആയ്തു കഴിഞ്ഞശെഷം അപ്പൊൾതന്നെ പെരുന്നാളിന്റെ മയ്യിലിന്റെ നമസ്ക്കാരം തിടങ്ങി. അയ്തിന്നു ധൂപവുംമറ്റും മെൽ പറഞ്ഞ തുപൊലെ ആയിരുന്നു. നമസ്ക്കാരത്തിന്റെ അവസാനത്തിൽ മുറപ്രകാരം കുറുബാന ചൊല്ലി. കുറുബാനയ്ക്കു നുയമ്പി ല്ലാത്ത സമയം ഉള്ളതുപൊലെ ശ്ളൊമ്മൊയുംമറ്റും ഉണ്ടായിരുന്നു. നമസ്ക്കാരം കഴിഞ്ഞു കുറുബാനയ്ക്കു തിടങ്ങുമ്പോൾ ഏകദെശം നാലുനാഴിക പുലർന്നതായി തൊന്നുന്നു. അന്നു കുറുബാന ചൊല്ലിയത ഗ്രിഗൊറിയൊസു മെത്രപൊൗലീത്താ ആയിരുന്നു. കുറുബാന കഴിഞ്ഞ അന്നും, പെസഹാക്കും വിശുദ്ധ പിതാവും മെല്പട്ടക്കാരെ എല്ലാവരും ഭക്ഷണം കഴിച്ചു... ഉ ച്ചകഴിഞ്ഞശെഷം നമസ്ക്കാരത്തിനു ചെന്ന സമയം ... അതിന്റെശെഷം നടുവിൽ കക്കബസായുടെ സാദൃശ്യത്തിൽ നാട്ടിയിരു ന്നതിന്റെ പടിഞ്ഞാറെ വശത്തുനിന്നും ഉച്ചനമസ്ക്കാരം തുടങ്ങി. ആയ്തു കഴിഞ്ഞശെഷം വിശുദ്ധ പിതാവും ശെഷം മെത്രാ മ്മാരും പട്ടക്കാര എല്ലാവരും മദുബഹായിൽ പ്രവെശിച്ചു... പിതാവു മെൽപറഞ്ഞ ചുമന്ന പട്ടുതൂവാല കഴുത്തിൽ കെട്ടി മെൽപറഞ്ഞ കുരിശു എടുത്ത് ശീലയൊടുകൂടെ വലത്തെ തൊളിൽവച്ച. ... പള്ളിയുടെ തെക്കെ വാതിൽ കടന്നിറങ്ങി, പടി ഞ്ഞാറെ വശത്തുകൂടെ പുറപ്പെട്ടു വടക്കെ വാതുക്കൽ കൂടി പള്ളിഅകത്തു പ്രവെശിച്ചു. നടുവിലേത് നാട്ടീരുന്ന കക്കബസാ എന്നു പറയുന്ന കാലിൽ നിവർത്തിവച്ചു. 9-ാം മണിയുടെ നമസ്ക്കാരവും സ്കീപ്പുസായുടെ ക്രമവും തിടങ്ങി. ...* ഇതേ രീതി തന്നെയാണ് കിഴക്കിന്റെ മഹാനായ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തന്റെ അപ്രകാശിത ക്രിയാസംഹിതയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിൽ 1939, 1950 എന്നീ വർഷങ്ങളിൽ ആണ് വചനിപ്പു പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരുമിച്ചു വന്നത്. 1939-ൽ ഇതിന്റെ ക്രമീകരണത്തെപ്പറ്റി പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബർസൗം പാത്രിയർക്കീസും പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായും പുറപ്പെടുവിച്ച കൽപ്പനകളിൽ വൈജാത്യമുണ്ട്. പാത്രിയർക്കീസ് 1938-ൽ അയച്ച കല്പനയിൽ ... *1939-ൽ വരുന്ന പ്രകാരം ദു:ഖവെള്ളിയാഴ്ച വന്നാൽ പോലും പെരുന്നാൾ മുറയനുസരിച്ച് കാലത്തെ വി. കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. എന്നാൽ ആ വലിയ ദിവസത്തെക്കുറിച്ചുള്ള ബഹുമാനത്തെപ്രതി നോമ്പി ന്റെവ്രതം അഴിക്കുവാൻ പാടില്ലത്തതും, ദു:ഖവെള്ളിയാഴ്ചയുടെ ക്രമം ഉച്ചയ്ക്കും ഇരുപത്തിരണ്ടരക്കുമായി പതിവുപോലെ നിവർത്തിച്ചു കൊള്ളേണ്ടതും ആകുന്നു* ... എന്നു നിർദേശിക്കുന്നു. ഇത് പത്രോസ് ത്രിതീയന്റെ രീതിതന്നെയാണ്. 1939 കാതോലിക്കായുടെ കലപനയിലാകട്ടെ, ... *കൂടാതെ ഈ വർഷം ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരു ദിവസം വന്നിരിക്കുന്നതിനാൽ, വെള്ളിയാഴ്ച രാവിലെ വി. കുർബ്ബാന അണയ്ക്കേണ്ടതാണ്. വ്യാഴാഴ്ച സന്ധ്യാനമസ്ക്കാരം മാറാ നായ പെരുന്നാളിന്റേതും, സുത്താറാ ദുഃഖവെള്ളിയാഴ്ചയുടേതും കഴിക്കേണ്ടതാകുന്നു. രാത്രി ഒന്നാം കൗമ്മാ സൂബോറൊ (കന്യാസ്ത്രീ അമ്മയെ ഉദ്ദേശിച്ചുള്ളത്)യുടേയും, രണ്ടാം കൗമ്മാ ദുഃഖവെള്ളിയാഴ്ചയുടേയും, മൂന്നാം കൗമ്മാ "ആന്നീദേ"*

*യുടെ തുടങ്ങി തുറൊദ്സീനൈ എന്ന അപേക്ഷവരെയും ചൊല്ലി, വി: കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. വി. കുർബ്ബാനയ്ക്കുശേഷം ദുഃഖവെള്ളിയാഴ്ചുടെ "സപ്രൊ" തുടങ്ങി എല്ലാ പ്രാർത്ഥനകളും, ശുശ്രൂഷകളും ക്രമമായി നടത്തിക്കൊള്ളുകയും വേണം...* എന്നാണ് നിർദ്ദേശം. ആ മാതൃകയാണ് കാതോലിക്കാമാരായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ, പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ എന്നിവർ പിന്തുടർന്നത്.

സഭയുടെ ജനകീയമുഖത്തെ ദയറാ പാരമ്പര്യം അട്ടിമറിച്ചതിന്റെ വ്യക്തമായ തെളിവാണ് ഈ വൈജാത്യങ്ങളും ആശയക്കുഴപ്പവും. അതുകൊണ്ടുതന്നെ നോമ്പിലെ വി. കുർബാന, വിവാഹകൂദാശ മുതലയവയോപ്പറ്റി പുനർചിന്തനവും ഗഹനമായ പഠനവും ആവശ്യമാണന്നാണ് ഈ വൈജാത്യങ്ങൾ സൂചിപ്പിക്കുന്നത്.

(*മലങ്കര ഓർത്തഡോക്സ് റ്റി. വി.* – 22 മാർച്ച് 2016)